# MAR WALAH SYRIAC ACADEMY
## MOUNT ST. THOMAS, KAKKANAD

---

*Ref. No. LRC/240318/20* **Date 24-03-2018**

## മൗണ്ട് സെന്റ് തോമസിൽ
## സുറിയാനി ഭാഷാപഠന ശിബിരം
## (ഏപ്രിൽ 23 മുതൽ 28 വരെ)

**കൊച്ചി:** സീറോ-മലബാർ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ (എൽആർസി) ആഭിമുഖ്യത്തിൽ മാർ വാലാഹ് സിറിയക് അക്കാദമി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സുറിയാനി ഭാഷാപഠനശിബിരം സംഘടിപ്പിക്കുന്നു.

മാർ വാലാഹ് സിറിയക് അക്കാദമിയുടെ 7-ാംമത്തെ ബാച്ച് ഏപ്രിൽ 23-ാം തിയതി രാവിലെ ഒൻപതിന് ആരംഭിച്ച് 28-ാം തിയതി വൈകുന്നേരം നാലിന് സമാപിക്കും. എൽആർസി ചെയർമാൻ ബിഷപ് മാർ പോളി കണ്ണൂക്കാടൻ പഠനശിബിരം ഉദ്ഘാടനം ചെയ്യും. സുറിയാനി ഭാഷാപഠനത്തിൽ പങ്കെടുക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റുകൾ സമാപന ദിവസം സീറോ-മലബാർ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി വിതരണം ചെയ്യും. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷനായിരിക്കും.

വൈദികർ, സമർപ്പിതർ, ബ്രദേഴ്സ്, അല്മായർ, വിദ്യാർത്ഥികൾ എന്നിവർക്ക് സുറിയാനി പഠനശിബിരത്തിൽ പങ്കെടുക്കാവുന്നതാണ്. സുറിയാനി ഭാഷയുടെ അക്ഷരമാല, സുറിയാനി പുസ്തകങ്ങൾ വായിക്കാനും ഗീതങ്ങൾ ആലപിക്കുവാനുമുള്ള പരിശീലനം എന്നിവ ലക്ഷ്യംവെച്ചുള്ളതാണ് പഠനശിബിരമെന്നു മാർ വാലാഹ് സിറിയക് അക്കാദമി ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ അറിയിച്ചു. റവ. ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ, സജിത്ത് കെ ബൈജു എന്നിവർ സുറിയാനി ക്ലാസ്സുകൾക്ക് നേതൃത്വം നല്കും.

യേശുശിഷ്യനായ മാർ തോമാശ്ലീഹായിലൂടെ പൈതൃകമായി ലഭിച്ച സുറിയാനിഭാഷ മാർ തോമാ ക്രൈസ്തവരുടെ ആരാധനാഭാഷ കൂടിയാണ്. പൗരാണിക ഭാഷയായ സുറിയാനി നാലാം നൂറ്റാണ്ട് മുതൽ കേരളത്തിന്റെ സംസ്കാരത്തിലും ഭാഷയിലും അതീവ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പ്ശീത്താ ബൈബിൾ, തോമായുടെ നടപടി, എന്നിങ്ങനെ നിരവധി പ്രാചീന ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുള്ളത് സുറിയാനിയിലാണ്.

വിശദവിവരങ്ങൾക്ക് റവ. ഡോ. പീറ്റർ കണ്ണമ്പുഴ, ഡയറക്ടർ, മാർ വാലാഹ് സിറിയക് അക്കാദമി, ലിറ്റർജിക്കൽ റിസർച്ച് സെന്റർ, മൗണ്ട് സെന്റ് തോമസ്, കാക്കനാട്, കൊച്ചി 682030 എന്ന വിലാസത്തിലോ, lrcmarwlah@gmail.com എന്ന ഇ - മെയിൽ വിലാസത്തിലോ ബന്ധപ്പെടണം. ഫോൺ: 0484-2425727, 9497324768, 9446578800.

*സ്നേഹപൂർവ്വം,*

**+ Pauly Kannookadan**
**Chairman**

**Dr Peter Kannampuzha**
**Director**

---